**<u>15 -ാം കേരള നിയമസഭ</u>**

**<u>16 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1930</u>** **<u>04-02-2026 - ൽ മറുപടിയ്ക്ക്</u>**

**<u>കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</th><th colspan="2">ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>കുറ്റ്യാടി നിയോജക മണ്ഡലത്തിൽ കായിക വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും പദ്ധതികളുടെ അടങ്കൽ തുകയും നിലവിലെ സ്ഥിതിയും സഹിതം വിശദമാക്കാമോ; പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ;</td><td>(എ)</td><td>കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>നം.</th><th>പ്രവൃത്തിയുടെ പേര്</th><th>അടങ്കൽ തുക</th><th>നിലവിലെ സ്ഥിതി</th><th>പൂർത്തീകരണ തീയതി</th></tr>
<tr><td>1</td><td>കുന്നുമ്മൽ വോളിബോൾ അക്കാഡമി സ്ഥാപിക്കൽ</td><td>84,55,550/-</td><td>15% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്</td><td>2026 മാർച്ച് മാസം ആദ്യ വാരം.</td></tr>
<tr><td>2</td><td>പുറമേരി ഇൻഡോർ സ്റ്റേഡിയം നിർമ്മാണം</td><td>1,72,96,178/-</td><td>പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.</td><td>2026 ജൂലൈ മാസം.</td></tr>
<tr><td>3</td><td>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി - മണിയൂർ ഗ്രാമപഞ്ചായത്ത് കളിസ്ഥല നിർമ്മാണം</td><td>71,82,398/-</td><td>15% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്</td><td>2026 മാർച്ച് മാസം അവസാനം.</td></tr>
</table></td></tr>
<tr><td>(ബി)</td><td>കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ നിർമ്മാണ പ്രവൃത്തികൾ വളരെ മന്ദഗതിയിൽ നടക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?</td><td>(ബി)</td><td>കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ നിർമ്മാണം ഉയർന്ന പ്രദേശത്തായതിനാൽ നിർമ്മാണ പ്രവൃത്തിയ്ക്ക് ആവശ്യമായ നിർമ്മാണ വസ്തുക്കളും സാമഗ്രികളും വാഹനങ്ങളും പോകുന്നതിന് ബുദ്ധിമുട്ടാണ്. കൂടാതെ മഴക്കാലങ്ങളിൽ മെറ്റീരിയൽ എത്തിക്കുവാനും തടസ്സം ഉണ്ടായതിനാൽ പ്രവൃത്തിയുടെ പുരോഗതിയെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച് ബഹു. കുറ്റ്യാടി എം.എൽ.എ. -യുടെ നേതൃത്വത്തിൽ 11.11.2025 നും 22.12.2025 നും യോഗങ്ങൾ ചേർന്നതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കരാറുകാരനുമായി ധാരണയിലായെങ്കിലും കരാറുകാരന്റെ ഭാഗത്ത് നിന്ന് പ്രവൃത്തികൾ മന്ദഗതിയിലാണ് പുരോഗമിച്ചു കൊണ്ടിരിക്കുന്നത്. അനുകൂലമായ കാലാവസ്ഥയിൽ പ്രവൃത്തിയിൽ ആവശ്യമായ പുരോഗതി നിർവ്വഹിക്കാത്തതിനാൽ കരാറുകാരനു നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. ഈ അനുകൂല കാലാവസ്ഥ/ കാലയളവിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കാമെന്ന് കരാറുകാരൻ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആയതിൽ വീഴ്ചവരുത്തുന്ന പക്ഷം കരാറുകാരനെ അയാളുടെ തന്നെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്യുമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ കരാറുകാരനെ അറിയിച്ചിട്ടുണ്ട്. നിലവിൽ 6 മീറ്റർ ഉയരത്തിൽ കരിങ്കല്ല് കെട്ടി അതിന്റെ ബെൽറ്റ് കോൺക്രീറ്റ് പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രവൃത്തി 2026 ഏപ്രിൽ മാസം അവസാനത്തോടെ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.</td></tr>
</table>

സെക്ഷൻ ഓഫീസർ